# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ് എ എംപിഎം 8/1330/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 21/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (AIMS മുഖാന്തിരം),
2) അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ/പെർഫോമൻസ് )മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ് എ എംപിഎം 8/1330/2022 തീയ്യതി: 21/06/2022

## മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-09-2020 മുതൽ 31-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 08-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 01-06-2022 | 08-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-06-2022 | 08-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| പി.എം.ആറ്റണ്ണി തങ്ങൾ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| Administrative Committee | പ്രസിഡന്റ് | 12-12-2020 | 20-12-2020 |
| അഡ്വ.ഇ.സിന്ധു | പ്രസിഡന്റ് | 21-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഉഷാദേവി.എ.പി | സെക്രട്ടറി | 01-04-2020 | 28-02-2021 |
| ശ്രീ.അമൽ ദാസ്.കെ.ജെ | സെക്രട്ടറി | 01-03-2021 | 31-03-2021 |
| ശ്രീമതി ഷീല.എസ് | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2020 | 31-03-2021 |
| ശ്രീ. മുഹമ്മദ് നാസിം.ഇ.പി | ക്ഷീര വികസന ഓഫീസർ (ഡി.ഇ.ഒ) | 01-04-2020 | 30-04-2020 |
| ശ്രീമതിവിധു.വി.എസ് | ക്ഷീര വികസന ഓഫീസർ (ഡി.ഇ.ഒ) | 01-05-2020 | 31-03-2021 |
| ശ്രീമതി സീമ.സി | അസിസ്റ്റന്റ് ഡയറക്ടർ ഫിഷറീസ് | 01-04-2020 | 31-03-2021 |
| ശ്രീ ഡോ.അരുൺനാഥ് സോമനാഥൻ | മെഡിക്കൽ ഓഫീസർ( സി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീമതി അനിതാ കുമാരി | ശിശു വികസന പദ്ധതി ഓഫീസർ (സി.ഡി.പി.ഒ) | 01-04-2020 | 31-12-2020 |
| ശ്രീമതി. പ്രഭ എം.വി | ശിശു വികസന പദ്ധതി ഓഫീസർ (സി.ഡി.പി.ഒ) | 01-01-2021 | 31-03-2021 |
| ശ്രീ.ഹരീഷ് കുമാർ.പി | പട്ടിക ജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. പ്രീത.ടി.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.മനോജ്കുമാർ.എം.എസ് | അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ | 01-04-2020 | 06-01-2021 |
| ശ്രീ.അനിൽ കുമാർ.എൻ | അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ | 07-01-2021 | 31-03-2021 |
| ശ്രീ.ശ്രീജിത്ത്.എം | വ്യവസായ വികസന | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ (എ.ഇ.ഒ) | | |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Moideen Fazil .K (Auditor, On 03-06-2022)<br>Last Updated By: Prasad (Audit Officer, On 08-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Moideen Fazil .K (Auditor, On 03-06-2022)<br>Last Updated By: Moideen Fazil .K (Auditor, On 08-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Moideen Fazil .K (Auditor, On 03-06-2022)<br>Last Updated By: Moideen Fazil .K (Auditor, On 08-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Moideen Fazil .K (Auditor, On 03-06-2022)<br>Last Updated By: Moideen Fazil .K (Auditor, On 08-06-2022) | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്<br>Written By: Moideen Fazil .K (Auditor, On 08-06-2022)<br>Last Updated By: Moideen Fazil .K (Auditor, On 08-06-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Moideen Fazil .K (Auditor, On 03-06-2022)<br>Last Updated By: Moideen Fazil .K (Auditor, On 08-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Moideen Fazil .K (Auditor, On 03-06-2022)<br>Last Updated By: Moideen Fazil .K (Auditor, On 08-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Moideen Fazil .K (Auditor, On 03-06-2022)<br>Last Updated By: Moideen Fazil .K (Auditor, On 08-06-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Moideen Fazil .K (Auditor, On 03-06-2022)<br>Last Updated By: Moideen Fazil .K (Auditor, On 08-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Moideen Fazil .K (Auditor, On 03-06-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Moideen Fazil .K (Auditor, On 03-06-2022)<br>Last Updated By: Moideen Fazil .K (Auditor, On 08-06-2022) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Moideen Fazil .K (Auditor, On 03-06-2022)<br>Last Updated By: Moideen Fazil .K (Auditor, On 08-06-2022) | 1-11 |
| 13 | ഇ-ടെണ്ടർ-ടെണ്ടർ ഫീ -തുക ലഭ്യമാക്കേണ്ടതാണ്.<br>Written By: Santhosh.P.T (Asst. Audit Officer, On 07-06-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-12 |
| 14 | പൊതുമരാമത്ത് പ്രവർത്തികൾ -അപാകതകൾ<br>Written By: Santhosh.P.T (Asst. Audit Officer, On 07-06-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-13 |
| 15 | പകൽവീട് പ്രയോജനപ്പെടുത്തുന്നില്ല.<br>Written By: Santhosh.P.T (Asst. Audit Officer, On 07-06-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-14 |
| 16 | രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Sujitha.P.K (Auditor, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-15 |
| 17 | വായ്പ രേഖ ഹാജരാക്കേണ്ടതാണ്<br>Written By: Sujitha.P.K (Auditor, On 09-06-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-16 |

| | | |
|---|---|---|
| 18 | സർക്കാർ ഉത്തരവ് പൂർണ്ണമായി പാലിക്കാതെ അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടത്തി<br>Written By: Yousuf.P (Asst. Audit Officer, On 09-06-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-17 |
| 19 | ഇൻകം ടാക്സ്, ക്ഷേമ നിധി വിഹിതം കുറച്ചിട്ടില്ല<br>Written By: Yousuf.P (Asst. Audit Officer, On 09-06-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-18 |
| 20 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Yousuf.P (Asst. Audit Officer, On 09-06-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 1-19 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Moideen Fazil .K (Auditor, On 08-06-2022)<br>Last Updated By: Moideen Fazil .K (Auditor, On 08-06-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Moideen Fazil .K (Auditor, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Moideen Fazil .K (Auditor, On 08-06-2022)<br>Last Updated By: Moideen Fazil .K (Auditor, On 08-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Moideen Fazil .K (Auditor, On 08-06-2022)<br>Last Updated By: Moideen Fazil .K (Auditor, On 08-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Moideen Fazil .K (Auditor, On 08-06-2022)<br>Last Updated By: Moideen Fazil .K (Auditor, On 08-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Moideen Fazil .K (Auditor, On 08-06-2022)<br>Last Updated By: Moideen Fazil .K (Auditor, On 08-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Moideen Fazil .K (Auditor, On 08-06-2022)<br>Last Updated By: Moideen Fazil .K (Auditor, On 08-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Moideen Fazil .K (Auditor, On 08-06-2022)<br>Last Updated By: Moideen Fazil .K (Auditor, On 08-06-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Moideen Fazil .K (Auditor, On 08-06-2022)<br>Last Updated By: Moideen Fazil .K (Auditor, On 08-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Moideen Fazil .K (Auditor, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 18-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ<br>Written By: Moideen Fazil .K (Auditor, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 21-06-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 20-21 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./ തിയ്യതി |
|---|---|
| ബി.ഡി.ആർ നം.1 തീയ്യതി/17-03-2020 | ബി.ഡി.ആർ നം.2 തീയ്യതി/11-02-2021 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.07.2021 | 15.07.2021 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10133934 |
| വരവ് | 60728237 |
| ആകെ | 70862171 |
| ചെലവ് | 63736360 |
| നീക്കിയിരിപ്പ് | 7125811 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 23390875 | 23390875 | 23390875 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 00 | 7209000 | 7209000 | 7208973 | 27 |
| വികസനഫണ്ട് (ടി.എസ്.പി) | 00 | 168000 | 168000 | 168000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 00 | 4088227 | 4088227 | 4088227 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് | 00 | 4400000 | 4400000 | 4350430 | 49570 |
| സെൻട്രൽ ഫിനാൻസ് | 00 | 4400000 | 4400000 | 4362001 | 37999 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ്- അൺ ടൈഡ് | | | | | |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്

താഴെ പറയുന്ന ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച എ.സി.ആർ ലെ വിവരങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

| | ACR | Grant Statement | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 23390875 | 21291618 | 2099257 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 10413353 | 2986001 | 7427352 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2020-21 | 65 | 151743895 | 57 | 43674936 | 0 | 8 | 87.69 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല

## 1-7 ക്ഷേമ പദ്ധതികൾ

ബാധകമല്ല

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.06.2022 ന് 11:00A.M-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ഇനത്തിൽ ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

1.വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. യോഗങ്ങളിൽ കൺവീനർമാർ പങ്കെടുത്തായോ യോഗങ്ങൾ ഒപ്പ് വച്ച്ആധികാരികമാക്കുയോ ചെയ്യിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് പൊതുയോഗ ങ്ങളിൽ ഹാജർനില വളരെ കുറവാണ്. ഉദാ:- ആരോഗ്യം. പൊതുമരാമത്ത്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ്.
2.അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ, അസി. എഞ്ചിനീയർ, കൃഷി അസി. ഡയറക്ടർ, പട്ടികജാതി വികസന ഓഫീസർ, ഫിഷറീസ് അസി. ഡയറക്ടർ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ എന്നീ നിർവഹണഉദ്യോഗസ്ഥർ പ്രോജെക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ്(എ.ഡി.സി) | 19.04.2021 മുതൽ 29.04.2021 വരെ | 2019 -20, 2020-21 | 02-08-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.06.17-30.06.17 | 2010-11 മുതൽ 2016-17 വരെ | 22-08-2017 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1.B-7 പ്രകാരം Deposits Received ഇനത്തിൽ വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി 2085209/- രൂപ ബാധ്യതയുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കാനായി ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.അസി. എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഇ ടെണ്ടർ ഫീസിനത്തിൽ തൻവർഷം ലഭിച്ച 14600/- രൂപ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4.2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5.തൻ വർഷത്തിൽ ആർജിച്ച സ്റ്റോക്ക്, സ്റ്റോർ എന്നിവയുടെ മൂല്യം കണക്കാക്കി, വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് ബാലൻസ് വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
(എൻക്വയറി നം.4/07.06.2022/20-21)

## 1-12 ഇ-ടെണ്ടർ-ടെണ്ടർ ഫീ -തുക ലഭ്യമാക്കേണ്ടതാണ്.

2020-21 വർഷങ്ങളിൽ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസി. എഞ്ചിനീയർ എന്നിവർ നടപ്പിലാക്കിയ വിവിധ പ്രവത്തികൾ ഇ-ടെണ്ടർ മുഖേനയാണ് ടെണ്ടർ ചെയ്തിട്ടുള്ളത്. ഇ ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിനു ലഭിക്കേണ്ട 14600 രൂപ നിലവിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ്. (വാർഷികകണക്കുപ്രകാരം തുകയിൽ വ്യത്യാസമുണ്ട്) ആയത് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നമ്പർ 1/2.6.12 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ മറുപടി ലഭ്യമാക്കിയില്ല.

## 1-13 പൊതുമരാമത്ത് പ്രവത്തികൾ -അപാകതകൾ

ബ്ലോക്ക് പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം 2020-21 ൽ നടപ്പിലാക്കിയ പ്രോജെക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

പ്രവൃത്തി പുരോഗതി

2020-21 വർഷത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 1 പ്രജെക്ടും അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ആകെ 11 പ്രോജെക്ടുകൾ തയ്യാറാക്കിയതിൽ 10 പ്രോജെക്ടുകളുമാണ് നിർവഹണം നടത്തിയിട്ടുള്ളത്. ആയതിൽ 4 പ്രോജെക്ടുകൾ സ്പിൽ ഓവർ പ്രവൃത്തികളാണ്.

| നിർവഹണ ഉദ്യോഗസ്ഥൻ | ആകെ പ്രവൃത്തികൾ | നടപ്പിലാക്കിയത് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 | 1 | 1421190 | 1416600 |
| അസി. എഞ്ചിനീയർ | 14 | 8 | 5767305 | 5128883 |

ബ്ലോക്ക് പഞ്ചായത്തിൽ ഒരു അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറും, ഒരു അസി. എഞ്ചിനീയറും ഒരു ഓവർസിയറും ഒരു ക്ലർക്കുമാണ് സേവനത്തിൽ ഉള്ളത്. ഒരു ഓവർസിയറുടെയും ഓഫീസ് അറ്റൻഡന്റിന്റെയും തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്.

2 ആസ്തി സംരക്ഷണം

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലും ഉള്ള റോഡ് റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുവാൻ പദ്ധതി മാർഗരേഖയിൽ നിർദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദേശിച്ചിട്ടുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്നു കാണുന്നു.

3 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.17 ലെ ഇ7/11350/CE/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പുകളിലെ എഞ്ചിനീയറിംഗ് ഓഫീസുകളിൽ വിവിധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്.എന്നാൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

പ്രോജെക്ട് രജിസ്റ്റർ, ടെണ്ടർ ഫോറം ഇഷ്യൂ രജിസ്റ്റർ , കരാറുകാരുടെ രജിസ്ട്രേഷൻ രജിസ്റ്റർ, എസ്റ്റിമേറ്റ് രജിസ്റ്റർ

വെൽഫെയർ ഫണ്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

സെക്യൂരിറ്റി രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണ തിയതി, ഡിഫക്റ്റ് ലയബിലിറ്റി കാലയളവ്, സെക്യൂരിറ്റി തിരിച്ച നൽകേണ്ട തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4 പ്രവത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകൃത പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏതു നിരക്കിൽ പിഴ ഈടാക്കാമെന്നും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്.എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് കരാറിൽ വ്യക്തമാക്കുന്നില്ല.
വർക്കിംഗ് ഗ്രൂപ്പ് മിനട്ട്സ് പരിശോധന സംബന്ധിച്ച്

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിൽ കാര്യമായ ചർച്ചകൾ നടക്കുകയും തീരുമാനങ്ങൾ കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല . വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 പകൽവീട് പ്രയോജനപ്പെടുത്തുന്നില്ല.

അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ നിർവഹണഉദ്യോഗസ്ഥനായി മാറഞ്ചേരി ഗ്രാമ പഞ്ചായത്തിലെ 11ാം വാർഡിൽ പകൽവീടിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ആയതിന് താഴെ പറയും പ്രകാരം ചെലവ് വന്നിട്ടുണ്ട്.

| വർഷം | പ്രോജെക്റ്റ് നമ്പർ | ചെലവ് | |
|---|---|---|---|
| 2019-20 | 51 | 466810 | ബിൽ നമ്പർ 134/19-20 തി. 28.1.20 |
| 2020-21 | 78 | 1416603 | ബിൽ നമ്പർ 15/20-21 തി. 11.4.20<br>ബിൽ നമ്പർ 16/20-21 തി. 11.4.20<br>ബിൽ നമ്പർ 17/20-21 തി. 11.4.20<br>ബിൽ നമ്പർ 81/20-21 തി. 8.1.21 |
| ആകെ | | 18,83,413 | |

പകൽവീട് മാറഞ്ചേരി ഗ്രാമ പഞ്ചായത്തിന് കൈമാറിയതായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്. 6.6.2022 ന് നടത്തിയ സ്ഥലപരിശോധനയിൽ പകൽവീട് പ്രവർത്തനരഹിതമായി കിടക്കുന്നതും പകൽവീടിന്റെ ഉൾവശം വൃത്തികേടായി കിടക്കുന്നതായും കാണാൻ കഴിഞ്ഞു. വലിയ ചെലവിൽ നിർമ്മിച്ച കെട്ടിടം ലക്ഷ്യം നേടാതെ നിഷ്ക്രിയമായി കിടക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 1-15 രേഖകൾ ഹാജരാക്കിയിട്ടില്ല

നിർവഹണോദ്യോഗസ്ഥൻ- ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്

പ്രൊജക്റ്റിന്റെ പേര്- പടുതാക്കുളം(മീൻകൃഷി)(സുഭിക്ഷ കേരളം)

നം- 93/21

അടങ്കൽ- 3444000(വി.ഫ-ജനറൽ-918400, സംസ്ഥാനവിഹിത ഫണ്ട്-459200, മറ്റുള്ളവ - 2066400)

ചെലവ്-688125 (വി.ഫ-ജനറൽ-688125, സംസ്ഥാനവിഹിത ഫണ്ട്-0, മറ്റുള്ളവ - 0)

BRN No/dt-201504630224014341170/29.03.2021- 688125

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ആളുകൾക്ക് മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുക, മത്സ്യ മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുക വഴി മെച്ചപ്പെട്ട വരുമാനം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ മേൽ പദ്ധതി പ്രകാരം പടുത്താക്കുളം നിർമ്മിച്ച് മീൻ വളർത്തുന്നതിനായി വിവിധ ഗ്രൂപ്പുകൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ആയതിൽ മൂന്ന് അംഗങ്ങൾ ഉള്ള വിന്നേഴ്സ്,മാറഞ്ചേരി എന്ന എസ്.സി ഗ്രൂപ്പിന് പട്ടികജാതി വിഭാഗത്തിന് അനുവദനീയമായ നിരക്കിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ മേൽ ഗ്രൂപ്പിലെ മൂന്ന് അംഗങ്ങളും ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ടവരിൽ നിന്നും ശേഖരിച്ച് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

(എൻക്വയറി നം.06/08.06.2022/2020-21 – മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-16 വായ്പ രേഖ ഹാജരാക്കേണ്ടതാണ്

സ്വയം തൊഴിൽ ലക്ഷ്യമിട്ട് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ 5 വനിതകൾ ഉൾപ്പെടുന്ന ഒരു ഗ്രൂപ്പിനെ വായ്പാ

ബന്ധിതമായി സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനാവശ്യമായ മൊത്തം പദ്ധതി തുകയുടെ 85% തുക (പരമാവധി 300000/-) ബാക്ക് എൻഡ് സബ്സിഡിയായി ബാങ്കിലേക്ക് നൽകാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സംരംഭം തുടങ്ങുന്നതിനാവശ്യമായ തുക ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുകയും സബ്സിഡി തുക പരമാവധി 300000/-രൂപ (പദ്ധതി തുകയുടെ 85% തുക) ലോൺ അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിന് വേണ്ടി ബാങ്കിലേക്ക് അനുവദിക്കുകയുമാണ് ചെയ്യുന്നത്. താഴെ പറയുന്ന പദ്ധതികൾ പ്രകാരം സംരംഭം തുടങ്ങുന്നതിനെ ധനസഹായം ലഭിച്ച ഗ്രൂപ്പുകൾക്ക് വായ്പ അനുവദിച്ചതിന്റേയും വായ്പ തിരിച്ചടച്ചതിന്റേയും വിവരങ്ങൾ ഉൾപ്പെടുന്ന ലോൺ അക്കൌണ്ട് വിവരങ്ങൾ പരിശോധനക്ക ഹാജരാക്കിയിട്ടില്ല.

നിർവഹണോദ്യോഗസ്ഥൻ- ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ

1.പ്രൊജക്ട്-നം-19/21

അടങ്കൽ-500000 (വികസനഫണ്ട് ( ജനറൽ)-300000, മറ്റുള്ളവ- 200000)

ചെലവ്-300000 (വികസനഫണ്ട് ( ജനറൽ)-300000, മറ്റുള്ളവ- 0)

BRN No. 20150463022301372651/26.03.2021- 300000

ധനസഹായം ലഭിച്ച ഗ്രൂപ്പ് - സ്നേഹ ബാഗ് ഗ്രൂപ്പ്,പെരുമ്പടപ്പ്-300000/-

വായ്പ അനുവദിച്ച സ്ഥാപനം- കേരള ഗ്രാമീൺ ബാങ്ക്,പെരുമ്പടപ്പ്

2.പ്രൊജക്ട്-നം-SO 77/21

അടങ്കൽ-870000 (വികസനഫണ്ട് ( ജനറൽ)-555000, മറ്റുള്ളവ- 315000)

ചെലവ്-555000 (വികസനഫണ്ട് ( ജനറൽ)-555000, മറ്റുള്ളവ- 0)

BRN No. 20150463022300010377/11.04.2020- 300000

ധനസഹായം ലഭിച്ച ഗ്രൂപ്പ് - യുവശ്രീ ഗ്രൂപ്പ് (ഓസോൺ ബാഗ്)- 300000/-

വായ്പ അനുവദിച്ച സ്ഥാപനം - കനറാ ബാങ്ക് , പെരുമ്പടപ്പ്

BRN No. 20150463022300010377/11.04.2020- 255000

ധനസഹായം ലഭിച്ച ഗ്രൂപ്പ് - അജ് വ ഗ്രൂപ്പ്(നൈറ ഗാർമെന്റ്സ്-)-255000/-

വായ്പ അനുവദിച്ച സ്ഥാപനം - കനറാ ബാങ്ക് , ചങ്ങരംകുളം

വായ്പാ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 855000/- രൂപ തടസ്സം ചെയ്യുന്നു.

(എൻക്വയറി നം.05/8.06.2022/20-21 – മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-17 സർക്കാർ ഉത്തരവ് പൂർണ്ണമായി പാലിക്കാതെ അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടത്തി

PMC ആയി സിവിൽ വർക്ക് നടത്തുന്നതിനാണ് അക്രഡിറ്റഡ് ഏജൻസി സംബന്ധിച്ച 04.7.2019ലെ ജി.ഒ(പി)77/2019 /ഫിൻ നമ്പർ സർക്കാർ ഉത്തരവിൽ SIDCOയ്ക്കും 29.2.2020ലെ ജി.ഒ(പി)22/2020/ഫിൻ നമ്പർ സർക്കാർ ഉത്തരവിൽ SILKനും അനുമതിയുള്ളത്. എന്നാൽ പട്ടികപ്പെടുത്തിയ പ്രവൃത്തികളിൽ PMC ചുമതല നിർവ്വഹിക്കാതെ നേരിട്ട് പ്രവൃത്തി നടത്തുകയാണ് SIDCO ,SILK എന്നിവ ചെയ്തിട്ടുള്ളത്.

| പ്രൊജക്ട് | തുക | ഏജൻസി | ബിൽ/തിയ്യതി |
|---|---|---|---|
| 20/21, തീരജ്യോതി സോളാർ ലൈറ്റ് സ്ഥാപിക്കൽ | 9,89,998 (വി.ഫണ്ട്.ജനറൽ) | SILK | 2100946308/15.01.21: 499998<br>2100946312/15.01.21: 490000 |
| 27/21, പകൽ വീട് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 399999 (വി.ഫണ്ട്.ജനറൽ) | SIDCO | 2100925047/11.01.2021 : 3,99,999 |
| 28/21,സ്പെക്ട്രം സ്കൂൾ സോളാർ പ്രോജക്ട് | 1225998 (എം.ജി.എൻ.ആർ) | SILK | 2100722838/11.11.20: 402567<br>2100925660/11.01.21:402567<br>2100925567/11.01.21:420864 |
| 37/21,സ്പെക്ട്രം സ്പെഷ്യൽ സ്കൂളിൽ ഭിന്ന ശേഷി സൗഹൃത | 1399998 (എം.ജി.എൻ.ആർ) | SIDCO | 2100367360/23.7.20: 453996 |

| | | | |
|---|---|---|---|
| ക്ലാസ്സ്മുറി നിർമ്മാണം. | | | 2100367359/23.7.20:352776<br>64/16.10.2020: 324922 |
| | | SILK | 2100654423/23.10.20 : 268304 |
| 64/21,ഗവ.എൽ.പി.സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ (IKM ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല) | 2999257 (വി.ഫണ്ട്.ജനറൽ) | SIDCO | 2100367363/23.7.20:499998<br>2100367362/23.7.20:499998<br>2100367361/23.7.20:499998<br>2100710879/10.11.20:499998<br>2100710885/10.11.20:499998<br>2100726019/11.11.20:376004<br>2100924708/11.01.21:123263 |

സർക്കാർ ഉത്തരവ് യഥാവിധം പാലിക്കാതെ അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടപ്പാക്കിയത് സംബന്ധിച്ച് കാരണം വ്യക്തമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.07 /08.06.2022).

അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള പ്രവൃത്തികൾ ബന്ധപ്പെട്ട ഉത്തരവുകളിലെ നിബന്ധനകൾ പൂർണ്ണമായി പാലിച്ച് കൊണ്ടാണ് നടപ്പാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതും 64/21 നമ്പർ പ്രൊജക്ട് ചെലവ് പത്രികയിൽ ഉൾപ്പെടാത്തത് സംബന്ധിച്ച് വിശദീകരണവും ലഭ്യമാക്കേണ്ടതുമാണ്.

## 1-18 ഇൻകം ടാക്സ്, ക്ഷേമ നിധി വിഹിതം കുറച്ചിട്ടില്ല

പ്രൊജക്ട് -113/21,എയറോബിക് കമ്പോസ്റ്റ് നിർമ്മാണം

നിർവ്വഹണം - സെക്രട്ടറി

ചെലവ് വിവരം-

ബിൽ നം- 2101167476/27.2.21 : 1,00,000

2101305292/20.3.21 : 121500

2101428216/29.3.21 : 3500

ആകെ : 225000 (സി.എഫ്.സി)

SEUF പ്രവൃത്തി നടത്തി.ഷീറ്റ് റൂഫിംഗ്, ട്രസ്സ് വർക്ക് എയറോബിക് ബിൻ നിർമ്മാണം എന്നിവ അടങ്ങിയതാണ് പ്രവൃത്തി. കരാർ പ്രകാരമുള്ള പ്രവൃത്തി 1,00,000രൂപയിൽ അധികമായതിനാൽ, നിയമ പ്രകാരം കുറവ് വരുത്തേണ്ട ഇൻകം ടാക്സ് (1.5% കോവിഡ് കാലാനുകൂല്യം), ക്ഷേമ നിധി വിഹിതം(1%) എന്നിവ ബില്ലുകളിൽ കുറച്ചിട്ടില്ല. നിയമപ്രകാരം കുറവ് വരുത്തേണ്ട തുക വസൂലാക്കി ഒടുക്കു വരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.7/08.6.22)

## 1-19 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണം : സെക്രട്ടറി

പട്ടികയിലെ പ്രൊജക്ട് പ്രകാരമുള്ള ചെലവ് സംബന്ധിച്ച വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് | ബിൽ വിവരം | റിമാർക്സ് |
|---|---|---|
| 4/21,PMAY SC വിഹിതം നൽകൽ | 138/15.3.21 : 5,00,000<br>142/16.3.21:1,60,600<br>145/16.3.21:6,80,000<br>ആകെ:1340600 (SCP) | തുക ഏതെല്ലാം ഗ്രാമ പഞ്ചായത്തിന് നൽകി എന്ന വിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല |
| 66/21, നന്നംമുക്ക് ഗ്രാമ പഞ്ചായത്തിന് ശുചിത്വം | 182/29.3.21:3,51,786 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |

| | |
|---|---|
| ..വിഹിതം നൽകൽ | (സി.എഫ്.സി) |

വിനിയോഗ വിവരം ലഭ്യമാക്കുന്നതുവരെ 1692386 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. ഓഡിറ്റ് എൻക്വയറി (07/8.6.21)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 2020-21 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 0 | 208935 | PMAY(G) | 208935 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 3261792 | PMAY(G) | 3261792 | 0 |
| ആകെ | 0 | 3470727 | | 3470727 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൌച്ചർ/ബിൽ/ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ കോൾ പാടങ്ങളിലേക്ക് ലൈൻ നീട്ടൽ (നരണിപ്പുഴ കമ്മിപ്പാലം കോൾപാടം) | BRN No.2101189792/05.03.2021 | 283577 | 283577 | പൂർത്തീകരിച്ചു | ഇല്ല |
| കെ.എസ്.ഇ.ബി | വിവിധ കോൾ പാടങ്ങളിലേക്ക് ലൈൻ നീട്ടൽ(ചെറവല്ലൂർപുറം | BRN No.2101189792/05.03.2021 | 93411 | 93411 | പൂർത്തീകരിച്ചു | ഇല്ല |

| കോൾപാടം) | | | | | | |
|---|---|---|---|---|---|---|

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 6855/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2008-09 | 3(3)5 | 2534 | താര ഗോപാലൻ,ഡി ഇ ഒ | 120040100023/04.03.2021 |
| 2008-09 | 3(3)5 | 1102 | താര ഗോപാലൻ,ഡി ഇ ഒ | 120040100023/04.03.2021 |
| 2018-19 | 1-13 | 2221 | അസി.എക്സി.എഞ്ചിനീയർ | 42000034/17.03.2021 |
| 2017-18 | 3-4 | 998 | സി.ഡി.പി .ഒ | 42000035/18.03.2021 |
| ആകെ | | 6855 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓ.റി വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3(4) | 2007-08 | 3.1.48 | കുടിവെള്ള പദ്ധതി ലക്ഷ്യം നേടിയില്ല | തടസ്സം തുടരുന്നു |
| 2000-01 | 2(3) | 2007-08 | 3.1.43 | ഡെപ്പോസിറ്റ് വർക്ക് പൂർത്തീകരണ വിവരമില്ല | തടസ്സം തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60728237 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 63736360 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2547386 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് | സർചാർജ് | ഉദ്യോഗപ്പേരും |
|---|---|---|---|
| | | | ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

1

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 8,55,000 | ശ്രീ.ശ്രീജിത്ത്.എം ,<br>ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-19 | 16,92,386 | ശ്രീ.അമൽ ദാസ്.കെ.ജെ ,സെക്രട്ടറി |
| ആകെ | 25,47,386 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഇല്ല | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽഎഫ്.എം 4/1567/05 തിയതി 7.6.2006 | 8 |
| 1999-00 | എൽഎഫ്.എം 9/190/06 തിയതി 7.06.2006 | 11 |
| 2000-01 | എൽഎഫ്.എം 10/966/07 തിയതി 22.1.2008 | 2 |
| 2002-03 | എൽഎഫ്.എം 10/968/07 തിയതി 22.1.2008 | 2 |
| 2003-04 | എൽഎഫ്.എം 10/969/07 തിയതി 19.1.2007 | 1 |
| 2004-05 | എൽഎഫ്.എം 10/970/07 തിയതി 16.10.2007 | 1 |
| 2005-06 | എൽഎഫ്.എം 10/971/07 തിയതി 25.10.2007 | 3 |
| 2006-07 | എൽഎഫ്.എം 15/486/10 തിയതി 5.7.2010 | 4 |
| 2007-08 | എൽഎഫ്.എം 15/487/10 തിയതി 11.6.2010 | 4 |
| 2008-09 | എൽഎഫ്.എം 4/516/12 തിയതി 12.4.12 | 3 |
| 2009-10 | എൽഎഫ്.എം 4/517/12 തിയതി.12.4.12 | 5 |
| 2010-11<br>2012-13 | എൽഎഫ്.എം 4/1371/2014 തിയതി 23.8.14 | 15 |
| 2013-14 | എൽഎഫ്.എം 4/283/2015 തിയതി 25.2.15 | 5 |
| 2014-15 | കെ.എസ്.എ.എം.പി.എം.8/2736/15 തിയതി :27-11-2015 | 8 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം.8/684/2017 തിയതി :22-03-2017 | 11 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.8/2488 /2017തിയതി29.11.17 | 15 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം.8/1314/2019തിയതി18.6.19 | 19 |
| 2018-19 | നം.കെ.എസ്.എ.എം.പി.എം.8/1294 /2020തിയതി09.11.20 | 6 |

| | | |
|---|---|---|
| 2019-20 | നം.കെ.എസ്.എ.എം.പി.എം.8/1329/2022തിയതി 21-06-22 | 11 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ,
ജില്ലാ ഓഡിറ്റ് കാര്യാലയം , മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്